## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *503 | 23.03.2018-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ.വി.വിജയദാസ്<br>,, വി. അബ്ദുറഹിമാൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ കുടുംബങ്ങളിലെ മുഴുവൻ പേരുടെയും പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിച്ച് പരിഹാരം കാണാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംസ്ഥാനത്തെ പട്ടികഗോത്രവർഗ കുടുംബങ്ങളുടെ ആകെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്ന തരത്തിൽ വിപുലീക രിക്കുമോ; | എ) | ഉണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ സമീപനം. വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, ഭൂമി, തൊഴിൽ, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം, നിയമസംരക്ഷണം എന്നീ മേഖലകളിൽ പദ്ധതികൾക്ക് രൂപം നൽകി വകുപ്പ് നടപ്പിലാക്കി വരുന്നു. |
| ബി) | അട്ടപ്പാടിയിൽ പട്ടയം ലഭിക്കാനുള്ള എല്ലാ പട്ടികഗോത്രവർഗക്കാർക്കും മേയ് മാസം പട്ടയ വിതരണം പൂർത്തിയാ ക്കാനും റാഗി, ചോളം തുടങ്ങിയവ കൃഷിചെയ്യുന്നതിനുള്ള പ്രോത്സാഹന ത്തിനും ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം നിലവിൽ ഭൂരഹിതരെന്ന് കണ്ടെത്തിയിട്ടുള്ള 842 പേർക്ക് സമയബന്ധിതമായി പട്ടയം അനുവദിച്ച് നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. റാഗി, ചോളം എന്നീ ധാന്യവിളകൾ കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത 45 ഊരുകളിൽ കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി "മില്ലറ്റ് വില്ലേജ്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | പട്ടികഗോത്രവർഗക്കാർ നേരിടുന്ന ഭൂമി പ്രശ്നം പരിഹരിക്കാൻ വനാവകാശ നിയമ പ്രകാരം ഭൂമി ലഭ്യമാക്കാനും റ്റി.ആർ. ഡി.എം. വഴി പുനരധിവസിപ്പിക്കാനും പദ്ധതിയുണ്ടോ? | സി) | പട്ടികഗോത്ര വർഗ്ഗക്കാർ നേരിടുന്ന ഭൂമി പ്രശ്നം പരിഹരിക്കാൻ വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും ആദിവാസി പുനരധിവാസ വികസന മിഷൻ വഴി ഭൂമി നൽകി പുനരധിവസിപ്പിക്കാനുമുള്ള പദ്ധതി നടപ്പിലാക്കി വരുകയാണ്. |

സെക്ഷൻ ഓഫീസർ